©
കേരള സർക്കാർ
Government of Kerala
2024

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 13<br>Vol. XIII | തിരുവനന്തപുരം,<br>തിങ്കൾ<br>Thiruvananthapuram,<br>Monday | 2024 ഫെബ്രുവരി 26<br>26th February 2024<br>1199 കുംഭം 13<br>13th Kumbham 1199<br>1945 ഫാൽഗുനം 7<br>7th Phalguna 1945 | നമ്പർ<br>No. 691 |

കേരള സർക്കാർ

**തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്**

നോട്ടീസ്

ഫാറം-VI

[ചട്ടം 22(2) കാണുക]

[2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ട് (2016-ലെ 9) 36-ാം വകുപ്പ് 8-ാം ഉപവകുപ്പ് പ്രകാരം മാസ്റ്റർ പ്ലാനിന് സർക്കാർ അനുമതി നൽകിയ വസ്തുത അറിയിക്കുന്ന നോട്ടീസ്]

റഫ. നമ്പർ തസ്വഭവ-ആർ.ഡി2/307/2023-തസ്വഭവ. തീയതി, *തിരുവനന്തപുരം, 2024, ഫെബ്രുവരി 16.*

താഴെ പറയുന്ന അതിരുകളോട് കൂടിയ തദ്ദേശാസൂത്രണ പ്രദേശത്തിന്റെ (കൊല്ലം നഗരസഭാ പ്രദേശത്തിന്റെ), കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ,



This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/
Generated from eOffice by ...

2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റിന്റെ (2016 -ലെ 9) 36-ാം വകുപ്പ് (8) -ാം ഉപവകുപ്പ് പ്രകാരം സർക്കാർ ഉത്തരവ് നമ്പർ സ.ഉ.(കൈ) നം. 01/2024/തസ്വഭവ. തീയതി 11-01-2024 പ്രകാരം സർക്കാർ അംഗീകരിച്ചതായി ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു.

വടക്ക് : നീണ്ടകര ഗ്രാമപഞ്ചായത്ത്, തെക്കുംഭാഗം ഗ്രാമപഞ്ചായത്ത്, തൃക്കരുവ ഗ്രാമപഞ്ചായത്ത്, പനയം ഗ്രാമപഞ്ചായത്ത്, പെരിനാട് ഗ്രാമപഞ്ചായത്ത്.

കിഴക്ക് : കൊറ്റങ്കര ഗ്രാമപഞ്ചായത്ത്, തൃക്കോവിൽവട്ടം ഗ്രമപഞ്ചായത്ത്, മയ്യനാട് ഗ്രാമപഞ്ചായത്ത്.

തെക്ക് : അറബിക്കടൽ.

പടിഞ്ഞാറ് : അറബിക്കടൽ.

മാസ്റ്റർപ്ലാൻ പ്രദേശത്ത് നിലവിലുള്ള വിശദ-നഗരാസൂത്രണ പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ.

(എ) അംഗീകരിച്ച വിശദ നഗരാസൂത്രണ പദ്ധതികൾ

(1) കടപ്പാക്കട ആന്റ് സറൗണ്ടിംഗ്.

(2) ഏര്യ ഫ്രം കുഞ്ഞമ്മപ്പാലം ടു ഡിസ്ട്രിക്ട് ഹോസ്പിറ്റൽ.

(3) ഏര്യ ബിറ്റവീൻ പി.ഡബ്ല്യൂ.ഡി ആഫീസ് ആന്റ് ഡി.എസ്.പി ആഫീസ് ജംഗ്ഷൻ

(4) റോഡ് ഫ്രം താലൂക്ക് ആഫീസ് ജംഗ്ഷൻ ടു സിവിൽ സ്റ്റേഷൻ ജംഗ്ഷൻ.

(ബി) പ്രസിദ്ധീകരിച്ച വിശദ നഗരാസൂത്രണ പദ്ധതികൾ - ബാധകമല്ല.

(സി) മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി റദ്ദാക്കാൻ ഉദ്ദേശിക്കുന്ന വിശദ നഗരാസൂത്രണ പദ്ധതികൾ, കാരണ സഹിതം വിശദീകരിക്കുക

1. കടപ്പാക്കട ആന്റ് സറൗണ്ടിംഗ്.
2. ഏര്യ ഫ്രം കുഞ്ഞമ്മപ്പാലം ടു ഡിസ്ട്രിക്ട് ഹോസ്പിറ്റൽ.
3. റോഡ് ഫ്രം താലൂക്ക് ആഫീസ് ജംഗ്ഷൻ ടു സിവിൽ സ്റ്റേഷൻ ജംഗ്ഷൻ.

പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ പൂർത്തീകരിച്ചതുകൊണ്ടും, മിച്ചമുള്ള പദ്ധതി ഉദ്ദേശ്യങ്ങൾ


This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/
Generated from eOffice

മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയതിനാലും, ചില പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ കാലഹരണപ്പെട്ടതിനാലും.

(ഡി) നിലനിർത്തുന്ന വിശദ നഗരാസൂത്രണ പദ്ധതികൾ

ഏര്യ ബിറ്റുവിൻ പി.ഡബ്ല്യു.ഡി ആഫീസ് ആന്റ് ഡി.എസ്.പി ആഫീസ് ജംഗ്ഷൻ

2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റിന് 36-ാം വകുപ്പ് (10)-ാം ഉപവകുപ്പിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതു പോലെ, കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ മാസ്റ്റർപ്ലാൻ പ്രസിദ്ധീകരിക്കേണ്ടതാണ്.

ഈ പ്ലാനിന് അനുസൃതമായല്ലാതെ യാതൊരാളും ഏതൊരു ഭൂമിയും, വിനിയോഗിക്കുകയോ, വിനിയോഗിക്കാൻ ഇടയാക്കുകയോ ഏതെങ്കിലും ഭൂമിയുടെ വികസനം നടപ്പാക്കുകയോ, ഭൂവിനിയോഗത്തിനു മാറ്റം വരുത്തുകയോ ചെയ്യാൻ പാടുള്ളതല്ല.

ഡോ. ഷർമിള മേരി ജോസഫ്
*ഗവ. പ്രിൻസിപ്പൽ സെക്രട്ടറി.*


This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/
Generated from eOffice
Digitally signed by Veeran T
Date:2024.02.26 02:46:32 +05:30